**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6345** **10-11-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കേണ്ട നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദ്യാർത്ഥികൾ കോവിഡ് പ്രോട്ടോക്കോൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ; | (എ) | കോവിഡ് മാനദണ്ഡപ്രകാരമുള്ള സാമൂഹ്യ അകലം സ്കൂളുകളിൽ പാലിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഒരു ക്ലാസ്സിനെ രണ്ടായി വിഭജിച്ച് ഒരു സമയം പരമാവധി ക്ലാസ്സിലുള്ള കുട്ടികളുടെ പകുതി കുട്ടികൾ ഹാജരാകുന്ന വിധത്തിൽ ഒരു ബഞ്ചിൽ 2 കുട്ടികളെ വീതമാണ് ക്രമീകരിച്ചിട്ടുള്ളത്. 1000 കുട്ടികൾ കൂടുതലുള്ള സ്കൂളുകളിൽ ആകെ കുട്ടികളുടെ 25% മാത്രം ഒരു സമയത്ത് ക്യാമ്പസിൽ വരുന്ന രീതിയിലും, കുട്ടികളുടെ എണ്ണം ക്രമീകരിച്ച് നിയന്ത്രിക്കുന്നതിനായി ഓരോ ക്ലാസ്സിലേയും കുട്ടികളെ ബാച്ചുകളായി തിരിക്കുന്ന രീതിയിലും സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് മാർഗ്ഗരേഖയിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ ബാച്ചിനും തുടർച്ചയായി 3 ദിവസം (വിദ്യാർത്ഥികൾ അധികമുള്ള സ്കൂളുകളിൽ രണ്ട് ദിവസം) സ്കൂളിൽ വരാനുള്ള അവസരം ഒരുക്കും. അടുത്ത ബാച്ച് അടുത്ത മൂന്നു ദിവസമായിരിക്കും സ്കൂളിലെത്തേണ്ടത്. ഒരു ബാച്ചിൽ ഉൾപ്പെട്ട വിദ്യാർത്ഥി സ്ഥിരമായി അതേ ബാച്ചിൽ തന്നെ തുടരുന്നതാണ്. കാലാകാലങ്ങളിൽ സർക്കാർ ശുപാർശ ചെയ്യുന്ന ആരോഗ്യ സുരക്ഷാ നടപടികൾ നടപ്പിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനും എല്ലാ സ്കൂളുകളിലും സ്കൂൾ ആരോഗ്യ സംരക്ഷണ സമിതി (School Health Monitoring Committee) രൂപീകരിക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ഈ സമിതി ആഴ്ചയിൽ ഒരിക്കൽ മീറ്റിംഗ് കൂടി സ്ഥിതിഗതികൾ വിലയിരുത്തുന്നതാണ്. ശാരീരിക അകലം പാലിക്കാൻ ശുപാർശ ചെയ്യുന്ന ബയോബബിൾ സിസ്റ്റം ക്ലാസ്സ് അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതാണ്. ബയോബബിൾ എന്നത് ഒരു ക്ലാസ്സിൽ പഠിക്കുന്ന 6 മുതൽ 10 വരെയുള്ള കുട്ടികളുടെ കൂട്ടമാണ്. ഇവർ മാത്രമേ പരസ്പരം |

| | | | |
|---|---|---|---|
| | | | അടുത്ത് ഇടപെടാൻ പാടുള്ളൂ. ഇവർ ഒരു പ്രദേശത്ത് നിന്ന് തന്നെ വരുന്നവരാണെങ്കിൽ അവരുടെ യാത്രയടക്കം ഒരുമിച്ച് ആസൂത്രണം ചെയ്യും. ഒരു ബയോബബിളിലെ കുട്ടികൾ മറ്റൊരു ബയോബബിളിലെ കുട്ടികളുമായി ഇടകലരാൻ പാടില്ല എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പാലിക്കാൻ നടപടികൾ ഉണ്ടാകുമോ? | (ബി) | ഇതിനായി അദ്ധ്യാപകർക്കും വിദ്യാഭ്യാസ ഓഫീസർമാർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ മാർഗ്ഗരേഖയിലും ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ